**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 664** **09-06-2021 - ൽ മറുപടിയ്ക്ക്**

**കീരം പാറ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കീരം പാറ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന്റെ ശാശ്വത പരിഹാരത്തിനു വേണ്ടി ആവിഷ്കരിച്ചു നടപ്പിലാക്കുന്ന കീരം പാറ -കാളകടവ് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | പ്രസ്തുത കുടിവെള്ള പദ്ധതി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇവിടെ എത്ര കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | 25.18 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് . |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട എന്തെല്ലാം പ്രവർത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടു വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി SLSSC ലിസ്റ്റിൽ ചേർത്ത് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖക്കായി ഇവ കീരംപാറ പഞ്ചായത്തിലും സമർപ്പിച്ചിട്ടുണ്ട് . |
| (ഡി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | (ഡി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടു വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി SLSSC ലിസ്റ്റിൽ ചേർത്ത് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖക്കായി ഇവ കീരംപാറ പഞ്ചായത്തിലും സമർപ്പിച്ചിട്ടുണ്ട് . |
| (ഇ) | പ്രസ്തുത കുടിവെള്ള പദ്ധതി വേഗത്തിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | പ്രസ്തുത കുടിവെള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി, ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തികൾ ആരംഭിയ്ക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ